(ഡി) അവസാനമായി ടൈപ്പിസ്റ്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 17-4-2015 നാണ്.

(ഇ) നിലവിൽ 27 യു.ഡി. ടൈപ്പിസ്റ്റിന്റെയും 16 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെയും ഒഴിവുണ്ട്.

(എഫ്) 2014 ലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

116 (3270) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ നടക്കുന്നതായ അഴിമതി സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൺസ്യൂമർഫെഡിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കൺസ്യൂമർഫെഡിൽ നടന്നതായി പറയപ്പെടുന്ന അഴിമതികളിൻമേൽ നടന്ന വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. വിജിലൻസ് വകുപ്പ് രണ്ടുപേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തിയ പരിശോധനകളിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ 16 പേരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡിന് ലഭിക്കാനുള്ള സബ്സിഡി തുക

117 (3271) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് സപ്ലൈയർമാർക്ക് നൽകാനുള്ള ആകെ തുക എത്രയെന്ന് വിശദമാക്കാമോ :

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നും കൺസ്യൂമർഫെഡ് എത്ര രൂപയാണ് നിക്ഷേപമായി സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയായി എടുത്തിട്ടുള്ള തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly